"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാ-ശിശുവികസന വകുപ്പ്- അങ്കണവാടി വർക്കർ/ഹെൽപ്പർ നിയമനത്തിന് പൊതുവായ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.239/2026/WCDD തീയതി,തിരുവനന്തപുരം, 14-07-2026

---

പരാമർശം:-

1. സ. ഉ(എം. എസ്) നം. 15/2008/സാക്ഷേവ, തീയതി. 23/02/2008
2. സ.ഉ(എം. എസ്) നം.58/2008/സാക്ഷേവ, തീയതി. 22/10/2008
3. സ.ഉ(എം. എസ്) നം.74/2012/സാനീവ, തീയതി. 22/12/2012
4. സ. ഉ(സാധാ) നം. 254/2018/സാനീവ, തീയതി. 30/04/2018
5. സ. ഉ. (പി) നം.14/ 2020/P&ARD, തീയതി. 23/10/2020
6. സ.ഉ(കൈ) നം. 4/2025/WCDD, തീയതി. 28/01/2025
7. സ.ഉ(കൈ) നം.5/2025/WCDD, തീയതി. 29/01/2025

**<u>ഉത്തരവ്</u>**

അങ്കണവാടി പ്രവർത്തകരുടെ തിരഞ്ഞെടുപ്പിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ പരാമർശം (1) മുതൽ (7) പ്രകാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിവിധ പ്രൊജക്റ്റുകളിൽ അങ്കണവാടി ഹെൽപ്പർ-വർക്കർ തസ്തികകളിലെ നിയമനം സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ, നിലവിലുള്ള വ്യവസ്ഥകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പുറമെ അങ്കണവാടികളിലെ നിയമനം സംബന്ധിച്ച് താഴെ

പറയുന്ന പൊതുവായ മാർഗ്ഗ നിർദേശങ്ങൾ കൂടി പുറപ്പെടുവിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്ലാസ് **IV** ജിവക്കാരുടെ നിയമനത്തിൽ പാലിച്ചു വരുന്ന സാമുദായിക സംവരണ മാനദണ്ഡം പാലിക്കണമെന്ന **23-02-2008** തീയതിയിലെ സ.ഉ.(കൈ)നം.**15/2008**/സാ.ക്ഷേ.വ ഉത്തരവും **23-10-2020**-ലെ സ. ഉ. (പി) നം.**14/ 2020/P&ARD** പ്രകാരം **EWS** കാറ്റഗറി സംവരണം പാലിക്കണമെന്ന നിർദ്ദേശവും കർശനമായി പാലിക്കേണ്ടതാണ്.

2 . എല്ലാ പ്രോജക്ടുകളിലും സംവരണ വിഭാഗത്തെ ഉൾപ്പെടുത്തുന്നതിന് സപ്ലിമെന്ററി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

**3** . ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ എല്ലാ പ്രോജക്ടുകളിലേയും റാങ്ക് ലിസ്റ്റുകൾ പരിശോധിച്ച് സംവരണ സമുദായ പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതും, **EWS** വിഭാഗത്തെ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുമാണ്.

**4.** എല്ലാ പ്രോജക്ടുകളിലേയും റാങ്ക് ലിസ്റ്റുകൾ പരിശോധിച്ച് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ക്രോഡീകരിച്ച റിപ്പോർട്ട് നൽകേണ്ടതും, അതുവരെ **ALMSC** വിളിച്ചു ചേർത്ത് മാനദണ്ഡ പ്രകാരം യോഗ്യരായവരെ താത്കാലികമായി നിയമിക്കേണ്ടതുമാണ്. ക്രോഡീകരിച്ച പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കി തിരുമാനം കൈക്കൊണ്ട ശേഷം നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും സ്ഥിരനിയമനം നടത്താവുന്നതാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും (ഡയറക്ടർ, വനിതാശിശുവികസന വകുപ്പ് മുഖേന)
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും (ഡയറക്ടർ, വനിതാശിശുവികസന വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&.ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ/ ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Sithara Vijayan
Date: 17-07-2026
10:54:38
സെക്ഷൻ ഓഫീസർ